# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുമ്പള ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-5/1096/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 09/03/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുമ്പള ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-5/1096/2022 തീയ്യതി: 09/03/2023

# കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കിഷോർ തോമസ്.എം | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 17-11-2022 | 24-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-11-2022 | 24-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.വിനോദ്കുമാർ സി, ഓഡിറ്റ് ഓഫീസർ
ശ്രീ.ജയാനന്ദ എച്ച് .ഓഡിറ്റ് ഓഫീസർ
ശ്രീ.രഘുനാഥൻ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജനാർദ്ദനൻ സി .സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഹരിവേണുഗോപാലൻ. കെ.വി. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| താഹിറ യൂസഫ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| പ്രദീപ് കുമാർ, | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 12-04-2021 |
| ജയരാജൻ.എൻ.എ | സെക്രട്ടറി | 13-04-2021 | 02-06-2021 |
| പ്രദീപ് കുമാർ, | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-06-2021 | 20-06-2021 |
| ജയരാജൻ.എൻ.എ | സെക്രട്ടറി | 21-06-2021 | 28-06-2021 |
| പ്രദീപ് കുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-06-2021 | 06-07-2021 |
| ഷാജികുമാർ.പി.ആർ | സെക്രട്ടറി | 06-07-2021 | 26-07-2021 |
| സജ്ജയ .പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-07-2021 | 25-08-2021 |
| തോമസ് ഉമ്മൻ | സെക്രട്ടറി | 26-08-2021 | 18-10-2021 |
| ഗീതാമണി.ആർ | സെക്രട്ടറി | 19-10-2021 | 28-12-2021 |
| മാത്യു.കെ.ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-12-2021 | 01-01-2022 |
| ഗീതാമണി.ആർ | സെക്രട്ടറി | 01-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രദീപ് കുമാർ, | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 26-07-2021 |
| സജ്ജയ .പി | അസിസ്റ്റന്റ് സെക്രട്ടറി | 27-07-2021 | 05-01-2022 |
| മാത്യു.കെ.ജെ | അസിസ്റ്റന്റ് സെക്രട്ടറി | 06-01-2022 | 31-03-2022 |
| അഖിൽ.ജി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 22-10-2021 |
| അനുഷ.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 22-10-2021 | 31-03-2022 |
| നാണക്കുട്ടൻ.കെ | കൃഷി ഓഫീസർ | 01-04-2021 | 23-09-2021 |
| ബിന്ദു.പി | കൃഷി ഓഫീസർ | 24-09-2021 | 31-03-2022 |
| രമാദേവി.വി.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 01-07-2021 |
| ജിഷ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 02-07-2021 | 31-03-2022 |
| സാവിത്രി | പ്രധാനാധ്യാപകൻ | 01-04-2021 | 31-03-2022 |
| ഡോ.അതുൽ മോഹൻ | വെറ്റിനറി സർജ്ജൻ | 01-04-2021 | 10-11-2021 |
| ഡോ.അരുൺരാജ്.ഡി | വെറ്റിനറി സർജ്ജൻ | 11-11-2021 | 31-03-2022 |
| ഡോ.സുബ്ബ ഘട്ടി | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2021 | 19-04-2021 |

| | | | |
|---|---|---|---|
| ഡോ.സ്മിത പ്രഭാകരൻ പിള്ള | മെഡിക്കൽ ഓഫീസർ അലോപ്പതി | 20-04-2021 | 31-03-2022 |
| ഡോ.മഹേഷ് | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2021 | 13-06-2021 |
| ഡോ.രസ്മി പി.കെ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 14-06-2021 | 31-03-2022 |
| ഡോ.ഷക്കീറലി കെ.എ | മെഡിക്കൽ ഓഫീസർ യൂനാനി | 01-04-2021 | 31-03-2022 |
| സുകുമാരൻ.കെ | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ജിജോമോൻ വി,സി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ആര്യ പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബംബ്രാണ സർക്കിൾ) | 01-04-2021 | 30-09-2021 |
| ജാഫർ ടി കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബംബ്രാണ സർക്കിൾ) | 01-10-2021 | 22-10-2021 |
| പുരുഷോത്തമൻ എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബംബ്രാണ സർക്കിൾ) | 23-10-2021 | 16-11-2021 |
| രാജേന്ദ്രൻ എ.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബംബ്രാണ സർക്കിൾ) | 17-11-2021 | 30-01-2022 |
| അബ്ദുൽ നാസിർ എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബംബ്രാണ സർക്കിൾ) | 31-01-2022 | 31-03-2022 |
| ശൈലേഷ് എൻ.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുമ്പള സർക്കിൾ) | 01-04-2021 | 30-09-2021 |
| ജാഫർ ടി.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുമ്പള സർക്കിൾ) | 01-10-2021 | 22-10-2021 |
| പ്രമോദ് സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുമ്പള | 23-10-2021 | 16-11-2021 |

| | | | |
|---|---|---|---|
| | സർക്കിൾ) | | |
| കിരൺ ശങ്കർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുമ്പള സർക്കിൾ) | 17-11-2021 | 30-01-2022 |
| സുനിൽ കുമാർ.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുമ്പള സർക്കിൾ) | 31-01-2022 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-2 |
| 3 | അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. | 1-2-1 |
| 4 | ഫണ്ടുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. | 1-2-2 |
| 5 | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. | 1-2-3 |
| 6 | വാർഷികകണക്കുകളിലെ പൊതുഅപാകതകൾ. | 1-2-4 |
| 7 | സാമ്പത്തിക വിശകലനം | 1-3 |
| 8 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം. | 1-7 |
| 12 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 13 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 14 | രശീതികൾ ക്യാൻസൽ ചെയ്യുമ്പോൾ കാരണം രേഖപ്പെടുത്തുന്നില്ല | 1-10 |
| 15 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകലുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ | 1-11 |
| 16 | തൊഴിൽ നികുതി അപാകതകൾ | 1-12 |
| 17 | ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. | 1-13 |
| 18 | ഇ ടെണ്ടർ മുഖേന ടെണ്ടർ-ബിഡ് സമർപ്പണ ഫീസ് ശേഖരിക്കുന്നതിനായി ആരംഭിച്ച അക്കൗണ്ട്-ഇ-ടെണ്ടറിന്റെ സൈറ്റുമായി മാപ്പ് ചെയ്തിട്ടില്ല. | 1-14 |
| 19 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച് | 1-15 |
| 20 | കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിൽ അപാകത | 1-16 |
| 21 | വസ്തു നികുതി ഇനത്തിൽ വൻ കുടിശ്ശിക. | 1-17 |
| 22 | കെട്ടിട നിർമ്മാണ പെർമിറ്റ് സംബന്ധിച്ച് | 1-18 |
| 23 | കാസറഗോഡ് വികസന പാക്കേജ് -കൊടിയമ്മ പാലം നിർമ്മാണം-ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ പദ്ധതി | 1-19 |
| 24 | കുമ്പള ഗ്രാമപഞ്ചായത്തിലെ 2,3,4,7,10 വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ | 1-20 |

| | | |
|---|---|---|
| | വലിക്കൽ പദ്ധതി | |
| 25 | ദേവിനഗർ GWLPS സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ പദ്ധതി | 1-21 |
| 26 | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ @കക്കളംകുന്ന് പദ്ധതി | 1-22 |
| 27 | കോയിപ്പാടി കടപ്പുറം 20-ാം വാർഡിലെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ പദ്ധതി | 1-23 |
| 28 | ശാന്തിപ്പള്ളം 13-ാം വാർഡിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ പദ്ധതി | 1-24 |
| 29 | ക്ലാർക്ക് തസ്തികയിൽനിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനകയറ്റം ലഭിച്ചതിനെ തുടർന്ന് സീനിയർ ക്ലാർക്ക് തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിൽ ശമ്പളം നിർണ്ണയിച്ച ജീവനക്കാരന് ക്ലാർക്ക് തസ്തികയിലെ ഇൻക്രിമെന്റ് തീയതിയിൽ റീഫിക്സേഷൻ അനുവദിച്ച -അപാകത. | 1-25 |
| 30 | സസ്പെൻഷൻ വിവരങ്ങൾ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-26 |
| 31 | ജീവനക്കാരുടെ സേവന പുസ്തകത്തിൽ യഥാസമയം രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. | 1-27 |
| 32 | ജീവനക്കാരുടെ ശമ്പള നിർണ്ണയം നടത്തിയത് അംഗീകാരം വാങ്ങിയിട്ടില്ല. | 1-28 |
| 33 | വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വിഭജനം നടത്തി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനാൽ ആവശ്യകത കണക്കാക്കാതെ തീരെ ചെറിയ നീളത്തിൽ റോഡ് പ്രവൃത്തി ചെയ്യുന്നു. | 1-29 |
| 34 | ഭവനിർമ്മാണം പൂർത്തീകരിച്ചില്ല | 1-30 |
| 35 | വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വാങ്ങി നൽകൽ പദ്ധതി-പട്ടികജാതി | 1-31 |
| 36 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകൽ പദ്ധതി | 1-32 |
| 37 | മൊഗ്രാൽ കടവത്ത്, കൊപ്രബസാർ FWC റോഡ് എന്നിവിടങ്ങളിലെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പദ്ധതി | 1-33 |
| 38 | വിവിധ സ്ഥലങ്ങളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കലും മാറ്റി സ്ഥാപിക്കലും പദ്ധതി | 1-34 |
| 39 | ഫലവൃക്ഷത്തൈകൾ-ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-35 |
| 40 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല. | 1-36 |
| 41 | എസ്. എസ്.കെ വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-37 |
| 42 | തുടർ വിദ്യാഭാസം- പഠിതാക്കളുടെ ഫീസ് ഒടുക്കൽ പദ്ധതി- കോഴ്സ് പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-38 |

ഭാഗം **2**

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ബാലൻസ് ഷീറ്റ് |
| 4 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 5 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം-

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 9/21തീയതി 20-02-2021 | 1/1തീയതി 30-03-2022 |
| മുന്നിരിപ്പ് | 1,83,38,755 | 59,75,477 |
| വരവ് | 23,19,66,000 | 30,81,48,154 |
| ആകെ | 25,03,04,577 | 31,41,23,631 |
| ചെലവ് | 22,26,19,000 | 31,09,45,440 |
| നീക്കിയിരിപ്പ് | 2,76,85,577 | 31,78,191 |

### 1-2 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

#### 1-2-1 അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ ഉൾക്കൊള്ളിക്കുകയോ ചെയ്തിട്ടില്ല.

#### 1-2-2 ഫണ്ടുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

2021-22 വർഷത്തിലെ ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിൽ ചേർത്തിരിക്കുന്ന ഏതാനും ഫണ്ടുകൾ അവയുടെ ലക്ഷ്യത്തിന് വിനിയോഗിക്കാതെ ബാധ്യതയായി നിലനിർത്തി വരുന്നു. ഈ തുകകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് വീഴ്ചയാണ്. കൂടാതെ ചില ഫണ്ടുകൾ പ്രത്യേക ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ച് ചെലവഴിക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല. ലഭിച്ച തുകകൾ ഭൂരിഭാഗവും തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. തനത് ഫണ്ട് അക്കൗണ്ട്, ഇ-പെയ്മെന്റ് അക്കൗണ്ടുകൾ എന്നിവയിൽ വിവിധ ഗ്രാന്റുകളും ഫണ്ടുകളും അക്കൗണ്ട് ചെയ്തിട്ടുണ്ട്. ക്യാഷ് & ബാങ്ക് നീക്കിയിരിപ്പ്, മറ്റ് ബാധ്യതാ വിവരങ്ങൾ എന്നിവ താഴെ കൊടുക്കുന്നു,

| നീക്കിയിരിപ്പ് വിവരം | തുക |
|---|---|
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-17 പ്രകാരം ക്യാഷ് & | 22497087.64 |

| | |
|---|---|
| ബാങ്ക് നീക്കിയിരിപ്പ് | |
| ബാധ്യത വിവരം | |
| 2021-22 ബാലൻഷീറ്റ് B.4 പ്രകാരമുള്ള ബാധ്യത | 28232656.00 |
| 2021-22 ബാലൻഷീറ്റ് B.7 പ്രകാരമുള്ള ബാധ്യത | 6922867.00 |
| 2021-22 ബാലൻഷീറ്റ് B.9 പ്രകാരമുള്ള ബാധ്യത | 6576454.37 |
| 2021-22 ബാലൻഷീറ്റ് B.5 പ്രകാരമുള്ള ബാധ്യതയിൽ ബാലൻഷീറ്റ് B.16 പ്രകാരമുള്ള ആസ്തി കുറവ് വരുത്തിയതിന് ശേഷമുള്ള ലോൺ ബാധ്യത | 610000.00 |
| ആകെ | 42341977.37 |

ബാലൻസ് ഷീറ്റ് പ്രകാരം ക്യാഷ് & ബാങ്ക് നീക്കിയിരിപ്പ് 2,24,97,087.64/- രൂപ മാത്രമാണ്, ബാധ്യതയായി ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുള്ളത് 4,23,41,977.37/- രൂപയാണ്. ബാധ്യതയ്ക്ക് അനുസൃതമായി ക്യാഷ് & ബാങ്ക് ബാലൻസില്ല എന്നത് വ്യക്തമാണ്. ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിൽ ചേർത്തിരിക്കുന്ന ബാധ്യതാ ഫണ്ടുകളുടെ വിവരം താഴെ കൊടുക്കുന്നു,

| Code No | B-4 31.03.2022 | Current Year Amount | Bank Account | Balance On 31.03.2022 |
|---|---|---|---|---|
| 320100103 | Centrally Sponsored Scheme- Integrated Waste Land Development Programe (IWDP) - Hariyali | 58,017.00 | Hariyali 18158069812 AccNo.40517100007587 | 61,604.00 |
| 320100115 | Centrally Sponsored Scheme- Total Sanitation Campaign (TSC) | 84,574.00 | Kerala Gramin Bank Acc No40517101045888 | 4,789,094.00 |
| 320100121 | Centrally Sponsored Scheme- Integrated Child Development Scheme (ICDS) | 3,508,467.00 | Kerala Gramin Bank Acc N0-40517101045888 | 4,789,094.00 |
| 320100125 | Centrally Sponsored Scheme- Accelerated Rural Water Supply Scheme (ARWSS) | 689,676.00 | The Kumbla Service Co-Operative Bank Ltd 20464 | 314,142.00 |
| 320100127 | Centrally Sponsored Scheme- National Program For Rehabilitation Of Physically Disabled | 780,000.00 | SBIKumblaESand33460635238 | 5,935,058.98 |

| | | | | |
|---|---|---|---|---|
| | (NPRPD) | | | |
| 320100201 | Grants, Funds & Contributions For Specific Purposes - Other Central Government Grants - Drinking Wat | 78,793.00 | The District Co Operative Bank Ltd Own Fund 47 B | 332,985.64 |
| 320200111 | Development Fund - CFC Grant Tied | 8,734,716.00 | KGBCFCPFMS53009 Acc No 40517101053009 | 15,028,506.00 |
| 320200112 | Development Fund - CFC Grant UnTied | 2,107,056.00 | KGBCFCPFMS53009 Acc No 40517101053009 | 15,028,506.00 |
| 320200305 | Grants, Funds & Contributions For Specific Purposes - Other Than Development Fund And State | 15,500.00 | The District Co Operative Bank Ltd Own Fund 47 B | 332,985.64 |
| 320200307 | Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsore | 145,487.00 | The District Co Operative Bank Ltd Own Fund 47 B | 332,985.64 |
| 320200319 | Grant For Solid Waste Management | 1,050,000.00 | SBI Kumbla | 5,935,058.98 |
| 320200322 | Grants From Suchithwa Mission | 6,470,555.00 | SBI Kumbla E-Sand 33460635238 | 5,935,058.98 |
| 320200399 | Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsore | 488,730.00 | SBI Kumbla (Life)38104921693 | 479,351.00 |

| | | | | |
|---|---|---|---|---|
| 320300103 | Grants, Funds & Contributions For Specific Purposes - Other Government Agencies - Total Sanitation | 104,733.00 | The District Co Operative Bank Ltd Own Fund 47 B | 332,985.64 |
| 320300199 | Grants, Funds & Contributions For Specific Purposes - Other Government Agencies | 192,521.00 | SBI Kumbla (Life)38104921693 | 479,351.00 |
| 320700104 | Contributions For Joint Venture Projects (For Capital Expenditure) - From Block Panchayats | 2,153,601.00 | Treasury Special TSB - Joint Venture Account No 79901140001825 | 234,741.00 |
| 320700105 | Contributions For Joint Venture Projects (For Capital Expenditure) - From District Panchayats | 1,000,000.00 | Treasury TSB A/C Acc No 79913000000981 | 1,000,000.00 |
| 320700205 | Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats | 141,425.00 | Treasury Special TSB - Joint Venture Account No 79901140001825 | 234,741.00 |
| 320700304 | Contributions For Other Specific Purposes (For Capital Expenditure)- | 380,000.00 | Treasury TSB A/C Acc No 79913000000981 | 1,000,000.00 |

| | | | | |
|---|---|---|---|---|
| | From Block Panchayats | | | |
| 320800101 | Beneficiary Contributions | 4,805.00 | Kerala Gramin Bank Acc No40517101045888 | 4,789,094.00 |

## 1-2-3 റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. കൂടാതെ, വിവിധ അക്കൗണ്ടുകളുടെ വർഷാവസാന നീക്കിയിരിപ്പിന്റെ റീകൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയ Cheques Issued But Not Presented Into Bank, Directly Credited Into Bank, Directly Debited By Bank എന്നീ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-2-4 വാർഷികകണക്കുകളിലെ പൊതുഅപാകതകൾ.

1) വാർഷികകണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms, Sale Of Sand, എന്നീ ഇനങ്ങളിൽ യഥാക്രമം 623172/- രൂപ, 2196071/-രൂപ, എന്നിങ്ങനെ വരവുണ്ട്. ഇവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

2) വാർഷിക കണക്ക് പ്രകാരം (B-5) വായ്പ ഇനത്തിൽ 1,21,78,000/- രൂപയാണ് ബാദ്ധ്യത നിലനിൽക്കുന്നത്. എന്നാൽ, വായ്പ രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ പ്രസ്തുത തുകയുടെ ആധികാരികത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

3).വാർഷിക കണക്കിലെ ബാലൻഷീറ്റ് ഷെഡ്യൂൾ ബി-16 പ്രകാരം (കോഡ് - 440500101) Prepaid Programme Expense ൽ 1,15,68,000 രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ വാർഷിക കണക്ക് പ്രകാരം (B-5) വായ്പ ഇനത്തിൽ 1,21,78,000/-രൂപയാണ് ബാദ്ധ്യതയുള്ളത്. തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4).വാർഷികകണക്കുകൾ പ്രകാരം ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് 44,77,486 രൂപ കാണിച്ചിട്ടുള്ളതിന്റെ വർക്ക് ഷീറ്റ് വെച്ചിട്ടില്ല.

(5) സ്ഥിരാസ്തികളുടെ ഭൗതിക പരിശോധനകൾ നടത്തുന്നില്ല.

6) ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം 31,32,311/- രൂപ ഉണ്ട്. പരിശോധിക്കാനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

7)വസ്തുനികുതിയിൽ വാർഷിക കണക്കിലെയും, സഞ്ചയ സ്റ്റോറ്റ് വെയറിൽ നിന്ന് ലഭ്യമായ ഡിമാന്റ്, കളക്ഷൻ തുകകളും പൊരുത്തപ്പെടുന്നില്ല.

8) ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൾ I-6) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ ചെലവ് 2,35,11,674/- രൂപയാണ്. FTO സ്റ്റേറ്റ്മെന്റ് , കാഷ് ബുക്ക് എന്നിവ പ്രകാരം ഭരണ ചെലവുകളടക്കം ആകെ ചെലവ് 2,35,98,108 രൂപയാണ്. വ്യത്യാസം(₹)86,434.

9)ഓൺലൈൻ സമർപ്പിച്ച വാർഷിക കണക്ക് പ്രകാരം ബാലൻസ് ഷീറ്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിലെ തുകകൾ അവയുടെ ഷെഡ്യൂളുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2021-22 |
|---|---|
| മുന്നിരിപ്പ് | 1,99,66,207.64 |
| വരവ് | 13,58,84,288.00 |
| ആകെ | 15,58,50,495.64 |
| ചെലവ് | 12,75,71,680.00 |
| നീക്കിയിരിപ്പ് | 2,82,78,815.64 |

1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (20 21-22)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 3,76,80,008 | 3,76,80,008 | 3,06,47,133 | 29,98,226 | 81.33 |
| വികസനഫണ്ട് എസ്.സി.പി. | 0 | 62,79,432 | 62,79,432 | 28,41,602 | 34,37,830 | 45.25 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 7,15,500 | 7,15,500 | 6,04,960 | 1,10,540 | 84.55 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,71,64,300 | 1,71,64,300 | 45,54,979 | 1,26,09,321 | 26.53 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 1,02,74,350 | 1,02,74,350 | 70,13,593 | 32,60,757 | 68.26 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) | ബാങ്ക്-0 | 1,05,23,000 | 1,05,23,000 | 0 | 1,05,23,000 | |
| | ട്രഷറി- 0 | 93,70,000 | 93,70,000 | 0 | 93,70,000 | |
| ധനകാര്യ കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ്(untied) | ബാങ്ക്-0 | 70,15,000 | 70,15,000 | 68,74,769 | 1,40,231 | |
| | ട്രഷറി- 0 | 25,46,019 | 25,46,019 | 11,05,481 | 14,40,538 | |

1) വികസനഫണ്ട്-ജനറൽ സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 43,08,558/ രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

2) വികസനഫണ്ട്-എസ്.സി.പി സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 2,73,909/ രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് | 0 | 3,03,73,224 | 3,03,73,224 | 3,03,73,224 | 0 |

| | | | | | |
|---|---|---|---|---|---|
| പൊതുവിഭാഗം | | | | | |
| വികസനഫണ്ട് എസ്.സി.പി. | 0 | 25,67,693 | 25,67,693 | 25,67,693 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 6,04,960 | 6,04,960 | 6,04,960 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 45,54,979 | 45,54,979 | 45,54,979 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 70,13,593 | 70,13,593 | 70,13,593 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്( Tied) | ബാങ്ക്-0 | 1,05,23,000 | 1,05,23,000 | 0 | 1,05,23,000 |
| | ട്രഷറി- 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(untied) | ബാങ്ക്-0 | 71,41,357 | 71,41,357 | 68,22,585 | 3,18,772 |
| | പലിശ | 0 | 0 | 0 | |
| | ട്രഷറി- 0 | 11,05,481 | 11,05,481 | 11,05,481 | 0 |
| ബി ഫണ്ട് | | | | | |
| തൊഴിൽ രഹിത വേതനം | 0 | 4,560 | 4,560 | 4,560 | 0 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 0 | 17,10,000 | 17,10,000 | 17,10,000 | 0 |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | 0 | 2,97,000 | 2,97,000 | 2,97,000 | 0 |
| ടി.എസ്.ബി. ജനറൽ പർപ്പസ് അക്കൗണ്ട് | 9,26,139 | 3,67,77,848 | 3,77,03,987 | 3,83,57,159 | (-)6,53,172 |
| സംയുക്ത പദ്ധതി (ബ്ലോക്ക് പഞ്ചായത്ത്) | 21,53,601 | 28,23,400 | 49,77,001 | 28,23,400 | 21,53,601 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത്) | 11,41,425 | 10,40,000 | 21,81,425 | 10,40,000 | 11,41,425 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| തൊഴിലുറപ്പ് പദ്ധതി(Admin) | 7,89,962 | 6,59,441 | 14,49,403 | 14,49,403 | 0 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 28,57,203 | 20,41,264 | 48,98,467 | 13,90,000 | 35,08,467 |
| ARWS | 6,89,676 | 0 | 6,89,676 | 0 | 6,89,676 |
| സമ്പൂർണ്ണ ശുചിത്വ പദ്ധതി TSC | 64,70,555 | 0 | 64,70,555 | 0 | 64,70,555 |
| ദേശീയ വികലാംഗ പുനരധിവാസ പദ്ധതി | 7,80,000 | 0 | 7,80,000 | | 7,80,000 |

| | | | | | |
|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 8730 | 20,40,000 | 20,48,730 | 15,60,000 | 4,88,730 |
| ആശ്രയ | 0 | 13,33,238 | 13,33,238 | 13,33,238 | 0 |

കുറിപ്പ് : 1) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ തൻ വർഷം 3,67,77,848/- രൂപയാണ് വരവ് . പ്രസ്തുത അക്കൗണ്ടിൽ തനത് ഫണ്ട് വരവിനങ്ങളും, മറ്റ് പലവിധ വരവ് ഇനങ്ങളും ഉൾപ്പെടുന്നതിനാൽ , പ്രസ്തുത ടി.എസ്.ബി അക്കൗണ്ടിലെ മൊത്തം വരവ് ചെലവുകൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധന സാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2021-22 വർഷം 2,20,62,271/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2021-22 വർഷം 8,54,50,160/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ (DBT) ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 330 | 18,31,39,693 | 196 | 9,11,23,318 | 0 | 134 | 59.39 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം.

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2021-22 വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2021-22 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാ നം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 64 | 3,36,00,720 | 31 | 1,83,41,472 | 54.58 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 182 | 6,60,00,506 | 99 | 2,94,83,784 | 44.67 |
| 3 | കൃഷി ഓഫീസർ | 9 | 92,24,017 | 9 | 59,86,280 | 64.89 |

| | | | | | | |
|---|---|---|---|---|---|---|
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(1) | 12 | 3,95,83,283 | 6 | 97,05,216 | 24.51 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 1,13,33,256 | 4 | 1,13,15,065 | 99.83 |
| 6 | വെറ്റിനറി സർജ്ജൻ | 8 | 20,13,029 | 6 | 12,76,562 | 63.41 |
| 7 | മെഡിക്കൽ ഓഫീസർ അലോപ്പതി | 12 | 38,54,362 | 9 | 25,10,544 | 65.13 |
| 8 | പ്രധാനാധ്യാപകൻ | 8 | 50,17,630 | 5 | 37,24,402 | 74.22 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 15 | 56,39,961 | 12 | 38,62,651 | 68.48 |
| 10 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 4,00,000 | 1 | 4,00,000 | 100 |
| 11 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 7 | 27,86,929 | 5 | 9,57,985 | 34.37 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 5,00,000 | 1 | 5,00,000 | 100 |
| 13 | മെഡിക്കൽ ഓഫീസർ യുനാനി | 7 | 3186000 | 7 | 30,59,357 | 96.02 |
| | ആകെ | 330 | 18,31,39,693 | 196 | 9,11,23,318 | 49.75 |

2021-22 വർഷത്തിൽ പദ്ധതി അടങ്കൽ തുകയുടെ 49.75 ശതമാന മാത്രമാണ് ചെലവ് ചെയ്തത്. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 7,89,962 | 6,59,441 | 14,49,403 | 14,49,403 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,20,62,271 | 2,20,62,271 | 2,20,62,271 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 7,89,962 | 2,27,21,712 | 2,35,11,674 | 2,35,11,674 | 0 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2021-22 വർഷം 2536 പദ്ധതികളുൾപ്പെടുന്ന 47,14,04,000 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 2,20,62,271 രൂപയുടെ 149 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 65435 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 297 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം.

| ക്ഷേമപദ്ധതിയുടെ പേർ | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4,560 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 7,88,800 | 51 |
| വിധവാപെൻഷൻ | 3,36,21,600 | 2152 |
| വാർദ്ധക്യകാലപെൻഷൻ | 3,91,35,600 | 2615 |
| വികലാംഗപെൻഷൻ | 97,78,400 | 631 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 4,11,200 | 27 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 17,10,000 | 57 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17/11/2022 തീയ്യതിയിൽ 3.00 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 14950/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

### പൊതു നിയന്ത്രണം

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 3 | ജൂനിയർ സൂപ്രണ്ട് | 1 |

| | | |
|---|---|---|
| 4 | ഹെഡ് ക്ലാർക്ക് | 1 |
| 5 | അക്കൗണ്ടന്റ് | 1 |
| 6 | സീനിയർ ക്ലാർക്ക് | 3 |
| 7 | ക്ലാർക്ക് | 5( 1 Vacant) |
| 8 | ഓഫീസ് അറ്റൻഡന്റ് | 2(1 Under Suspension) |
| 9 | ഫുൾ ടൈം സ്വീപ്പർ | 4(3 Vacant) |
| 10 | ഫുൾ ടൈം നഴ്സറി ടീച്ചർ | 1 |

ജീവനക്കാരുടെ ജോലി വിഭജനം കാലാകാലങ്ങളിൽ ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 33 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 21 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 14 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 പ്രാവശ്യവും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിക്കുന്നില്ല. ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2021-22 സാമ്പത്തിക വർഷം 9 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

വരവുകളിൻ മേലുള്ള നിയന്ത്രണം

വാടക സംബന്ധിച്ച രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. ഇതിന്റെ സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിടില്ല. മറ്റ് വരവിനങ്ങളുടെ ഡിമാൻറുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. വരവുകൾ കാഷ് ബുക്കിലും ലഡ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തുകയും റികൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്.

നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് .

ഗ്രാമ പഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, ഇംകമ്പൻസി രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

കൺട്രോൾ ഓവർ അക്കൗണ്ട്

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ഡബിൾ എൻട്രി സിസ്ററമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. രസീത് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ഓരോ അക്കൗണ്ടിങ്ങ് രേഖകളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകൾ കൃത്യമായി

വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. എന്നാൽ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുന്നില്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി 6 തവണ യോഗം ചേർന്നിട്ടുണ്ട്. കമ്മിറ്റി മിനിറ്റ്സിൽ പർച്ചേസുകളുടെ വിവരങ്ങൾ ചേർത്തിട്ടുണ്ട്.
ഗ്രാമപഞ്ചായത്തിൽ 14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സു ബുക്കുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മിനിറ്റ്സ് ബുക്കിൽ യോഗ തീരുമാനങ്ങൾ എഴുതി ചേർത്തിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 രശീതികൾ ക്യാൻസൽ ചെയ്യുമ്പോൾ കാരണം രേഖപ്പെടുത്തുന്നില്ല

രശീതികൾ ക്യാൻസൽ ചെയ്യേണ്ടി വരുന്ന സന്ദർഭത്തിൽ, എന്ത് കാരണം കൊണ്ടാണ് ക്യാൻസൽ ചെയ്യുന്നതെന്ന രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രശീതി നമ്പർ | തുക |
|---|---|---|
| 1 | 23218/88 | 1768/- |
| 2 | 23217/42 | 50/- |
| 3 | 23221/94 | 1200/- |
| 4 | 22221/95 | 2000 |
| 5 | 23226/1 | 800/- |
| 6 | 23226/16 | 1200 |
| 7 | 23226/17 | 1200 |
| 8 | 23225/26 | 1200 |
| 9 | 23225/53 | 595 |
| 10 | 23225/70 | 1559 |

## 1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകലുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ

ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 648 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയോ പുതുക്കി നൽകുകയോ ചെയ്തിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിച്ചതിന്മേലുള്ള

നിരീക്ഷണങ്ങൾ താഴെകൊടുക്കുന്നു.

1) ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചിട്ടില്ല. ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ തരം ഏതാണെന്നോ രേഖപ്പെടുത്താൻ അപേക്ഷാ ഫോമുകളിൽ കോളം ഉണ്ടെങ്കിലും ആ വിവരം അപേക്ഷകളിൽ രേഖപ്പെടുത്തുന്നില്ല. രജിസ്റ്ററിൽ നിന്നും പ്രസ്തുത വിവരം ലഭ്യമല്ല.

2) ഓരോ സ്ഥാപനത്തിന്റേയും മൂലധന നിക്ഷേപം ഉറപ്പുവരുത്താതെയാണ് ഗ്രാമ പഞ്ചായത്തിൽ നിലവിൽ ഫീസ് ഈടാക്കുന്നത്. മിക്ക അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിയിട്ടില്ല. ഒരേ വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത ഫീസ് ഈടാക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുമില്ല.

3) സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള 3568 കെട്ടിടങ്ങൾ ഗ്രാമ പഞ്ചായത്തിലുണ്ട്. എന്നാൽ 2021-22 വർഷത്തിലെ ലൈസൻസ് രജിസ്റ്റർ പ്രകാരം 648 പേർ മാത്രമാണ് ലൈസൻസെടുത്തിട്ടുള്ളത്. ശേഷിക്കുന്ന 2920 കെട്ടിടങ്ങളെ സംബന്ധിച്ച വിവരം പരിശോധിക്കപ്പെട്ടിട്ടില്ല.

4)റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ (പട്ടിക 1 ക്രമനം 149) പ്രകാരം ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ഒന്നും തന്നെ ലൈസൻസ് എടുത്തതായി കാണുന്നില്ല. റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീസ് അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റികൺസൈൽ ചെയ്യേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലുള്ള മുഴവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22 /23.11.2022 ന് ലഭ്യമാക്കിയ മറുപടിയിൽ അപേക്ഷാഫോറങ്ങൾ ഭാവിയിൽ കൃത്യമായി പൂരിപ്പിക്കുന്നതാണെന്നും തുടർ വർഷങ്ങളിൽ ഓരോ അപേക്ഷയിലും മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നതാണ് എന്നും ലൈസൻസ് എടുക്കാതെ വ്യാപാരം നടത്തുന്നവർക്ക് നോട്ടീസ് നൽകി നടപടി കൈക്കൊള്ളുമെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി അപാകതകൾ

1. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

2021-22കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ

ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തതിട്ടില്ല.

| ക്രമ നമ്പർ | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപന ഉടമയുടെ പേര് | വാർഡ്/കെട്ടിട നമ്പർ | സംരംഭം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|
| 1 | 4 | കെ.എം അഹമ്മദ് നിസാർ | XXII-837 | പാദൂർ ഫില്ലിങ്ങ് സ്റ്റേഷൻ, പെട്രോൾ പമ്പ് | 5 |
| 2 | 6 | എൻ അബ്ദുള്ള | XXII-464 | ഹോട്ടൽ ന്യൂ താജ് | 5 |
| 3 | 207 | അബ്ദുൾ ഖാദർ | XXI-549, 550 | ലബോറട്ടറി | 3 |
| 4 | 212 | സുകേഷ് പി വി | XVI-28A | എ.വി.എസ് ഫെയിമസ് ഫുഡ് | 6 |
| 5 | 286 | നിത്യാനന്ദ നായ്ക്ക് | XI-308 | ശ്രീ ലക്ഷ്മി നാരായണ ഓയിൽ മിൽ | 5 |
| 6 | 349 | മുഹമ്മദ് ഹബീബ് | XV-511 | സെയ്ൻ സൂപ്പർമാർക്കറ്റ് | 3 |
| 7 | 362 | ബി നാരായണ | XI-93 B | പാർത്ഥ സാരഥി എഞ്ചിനീയറിങ്ങ് വർക്ക്സ് | 4 |
| 8 | 393 | കെ ശിവപ്രസാദ് | XIII-483 | ഭാരത് ഫ്യൂവൽ ഏജൻസീസ് | 7 |
| 9 | 402 | ലോകേഷ എൻ | XIV-281 | ആദി എഞ്ചിനീയറിങ്ങ് വർക്ക്സ് | 3 |
| 10 | 409 | ഹഷീർ | XI-321 J | ഗ്ലോബൽ മാടസ്സ് | 6 |

| | | | | | |
|---|---|---|---|---|---|
| | | കെവി | | | |
| 11 | 417 | റിയാസ് സി | XV-84 A, 84 B | മൈക്രോടെക്ക് സൊല്യൂഷൻസ് | 4 |
| 12 | 454 | വി പി അബ്ദുൾ ഖാദർ | XIV-356 | കുമ്പള ഫ്യൂവൽസ് | 4 |
| 13 | 487 | അബ്ദുൾ റസാഖ് | XVIII-8A, 8B | ക്യാരി ഫ്രെഷ് ഫാമിലി മാർക്കറ്റ് | 11 |
| 14 | 583 | അബ്ദുൾ ഹമീദ് എ | XXII-520 | രാജലക്ഷ്മി ഗോൾഡ് | 4 |

2) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204 വകുപ്പ് പ്രകാരം ജീവനക്കാരും /തൊഴിലാളികളും തൊഴിൽ സ്ഥാപനവും തൊഴിൽ നികുതി ഒടുക്കേണ്ടതുണ്ട്. തൊഴിൽ സ്ഥാപനങ്ങൾ അർദ്ധവാർഷിക ടേൺഓവറിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് നികുതി ഒടുക്കണം. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2021-22 വർഷത്തിൽ താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ടേൺഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|
| 1 | ബാങ്ക് ഓഫ് ബറോഡ, കുമ്പള ശാഖ | 2021-22 ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | ബി.എസ്.എൻ.എൽ കുമ്പള | 2021-22 ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3)രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ബാങ്ക് ഓഫ് ബറോഡ, കുമ്പള ശാഖ |
| 2 | ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, കുമ്പള |
| 3 | കുമ്പള ഗ്രാമപഞ്ചായത്ത് കാര്യാലയം |
| 4 | എക്സൈസ് റേഞ്ച് ഓഫീസ്, കുമ്പള |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4) ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

2021-22 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ പ്രകാരം ചില ജീവനക്കാർക്ക് ശാരീരിക അവശത ഉണ്ടെന്ന കാരണത്താൽ നികുതി അടവാക്കുന്നതിൽ ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ റിട്ടേണിനൊപ്പം സമർപ്പിച്ചിട്ടില്ല. വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | ജോലി ചെയ്യുന്ന സ്ഥാപനം | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|---|
| 1 | മധു എൻ, അസിസ്റ്റന്റ് എഞ്ചിനീയർ | കേരള വാട്ടർ അതോറിറ്റി പി.എച്ച് സെക്ഷൻ, കുമ്പള | 2020-21 ഒന്നാം അർദ്ധ വർഷം |

മേൽ പരാമർശിച്ച ജീവനക്കാരനിൽ നിന്നും ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

5) <u>തൊഴിൽ നികുതി ഈടാക്കിയതിൽ അപാകത.</u>

ഗ്രാമ പഞ്ചായത്ത് പരിധിയിലെ ചുവടെ ചേർത്തിട്ടുള്ള ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ തുക കുറവു വന്നതായി ശ്രദ്ധയിൽ പെടുകയുണ്ടായി.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | ജോലി ചെയ്യുന്ന സ്ഥാപനം | നികുതി അടവാക്കേണ്ടുന്ന കാലയളവ് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടിയിരുന്ന നികുതി | കുറവു വന്ന തുക |
|---|---|---|---|---|---|---|---|
| 1 | ജോണി കെ ജെ, പി ഡി ടീച്ചർ (റിട്ട.) | ജി.എസ്.ബി.എസ് കുമ്പള | 2021-22 ഒന്നാം അർദ്ധ വർഷം | 156301 | 1000 | 1250 | 250 |
| 2 | കുമാരൻ സി, പി.ഇ.ടി (റിട്ട.) | ജി.എസ്.ബി.എസ് കുമ്പള | 2021-22 ഒന്നാം അർദ്ധ വർഷം | 167298 | 1000 | 1250 | 250 |
| 3 | കീർത്തൻ രാജ്, പി.ആർ.ഒ കം ഡ്രൈവർ | ഡോക്ടേഴ്സ് ഹോസ്പിറ്റൽ, കുമ്പള | 2021-22 രണ്ടാം അർദ്ധ വർഷം | 30000 | 180 | 300 | 120 |
| 4 | അശ്വിനി, സ്റ്റാഫ് നേഴ്സ് | ഡോക്ടേഴ്സ് ഹോസ്പിറ്റൽ, കുമ്പള | 2021-22 രണ്ടാം അർദ്ധ വർഷം | 32000 | 180 | 300 | 120 |
| 5 | ഭവ്യ രാജ്, സ്റ്റാഫ് നേഴ്സ് | ഡോക്ടേഴ്സ് ഹോസ്പിറ്റൽ, കുമ്പള | 2021-22 രണ്ടാം അർദ്ധ വർഷം | 30000 | 180 | 300 | 120 |
| ആകെ | | | | | | | 860/- |

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവു വന്ന തുക മേൽ പരാമർശിച്ച ജീവനക്കാരിൽ നിന്നും ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

6) അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 (ii) എ (I) വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ താമസിച്ച് തൊഴിലിൽ ഏർപ്പെടുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് പ്രദേശത്ത് താമസക്കാരായ ചുവടെ ചേർത്തിട്ടുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|
| 1 | അബ്ദുൾ അസീസ് പി എം, പേരാൽ, പി.ഡബ്ല്യ.ഡി കോൺട്രാക്ടർ | 2021-22 ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | മുഹമ്മദ് എ എം, മിസ്റിയ മൻസിൽ, കോയിപ്പാടി, പി.ഡബ്ല്യ.ഡി കോൺട്രാക്ടർ | 2021-22 ഒന്നും രണ്ടും അർദ്ധ വർഷം |
| 3 | എ ബി അഞ്ഞുഞ്ഞി, ഹിദായത്ത് മൻസിൽ, കുമ്പള, പി.ഡബ്ല്യ.ഡി കോൺട്രാക്ടർ | 2021-22 ഒന്നും രണ്ടും അർദ്ധ വർഷം |
| 4 | അബ്ബാസ് ടി കെ, തൊടിയാർ ഹൗസ്, കുമ്പള, പി.ഡബ്ല്യ.ഡി കോൺട്രാക്ടർ | 2021-22 ഒന്നും രണ്ടും അർദ്ധ വർഷം |
| 5 | മുഹമ്മദ് നഹ്മാൻ, ആസാദ് മൻസിൽ, കുമ്പള, പി.ഡബ്ല്യ.ഡി കോൺട്രാക്ടർ | 2021-22 ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾ ഓഡിറ്റ് എൻക്വയറി നം. 21 /23.11.2022 മുഖേന ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഉടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-13 ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

2021-2022 വർഷം ഇ-ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടത്തുമ്പോൾ ബിഡ്ഡർമാർ ഓൺലൈൻ ആയി അടക്കുന്ന ബിഡ് സമർപ്പണ ഫീസ്

കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ കണക്കനുസരിച്ച് 2021-2022 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ നടത്തിയ 8 പൊതു മരാമത്ത് പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസായ് 10,970/- രൂപ പഞ്ചായത്തിന് ലഭിക്കാനുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ എഞ്ചിനീയറിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്. ഇത് കൂടാതെ 2014-15 വർഷം മുതൽ ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയും ലഭ്യമാക്കേണ്ടതാണ്.

### 1-14 ഇ ടെണ്ടർ മുഖേന ടെണ്ടർ-ബിഡ് സമർപ്പണ ഫീസ് ശേഖരിക്കുന്നതിനായി ആരംഭിച്ച അക്കൗണ്ട്-ഇ-ടെണ്ടറിന്റെ സൈറ്റുമായി മാപ്പ് ചെയ്തിട്ടില്ല.

പഞ്ചായത്ത് നടപ്പിലാക്കുന്ന വിവിധ മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടത്തുമ്പോൾ ബിഡ്ഡർമാർ ഓൺലൈൻ ആയി അടക്കുന്ന ബിഡ് സമർപ്പണ ഫീസ് ക്രഡിറ്റ് ചെയ്യപ്പെടുന്നതിനായ് ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ, കുമ്പള ശാഖയിൽ ഒരു അക്കൗണ്ട് (അക്കൗണ്ട് നം 41374882060) ആരംഭിച്ചിട്ടുണ്ട്. ഇ ടെണ്ടർ മുഖേന ടെണ്ടർ-ബിഡ് സമർപ്പണ ഫീസ് ശേഖരിക്കുന്നതിനായി ആരംഭിച്ച അക്കൗണ്ട്-ഇ-ടെണ്ടറിന്റെ സൈറ്റുമായി മാപ്പ് ചെയ്തിട്ടില്ല. ആയതിനാൽ, ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആരംഭിച്ച അക്കൗണ്ട് എത്രയും പെട്ടന്ന് ഇ-ടെണ്ടറിന്റെ സൈറ്റുമായി മാപ്പ് ചെയ്യേണ്ടതാണ്.

### 1-15 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച്

ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ എസ്.ആർ.ഓ.നമ്പർ 36/2011 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതും ഈ നിരക്കുകൾ 2011ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ ഉള്ളതുമാണ്. അയതു പ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതി ചതുരശ്രമീറ്ററിന് 500/-രൂപയായി ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന ചുവടെ ചേർത്തിട്ടുള്ള മൊബൈൽ ടവറുകളിൽ നിന്നും വിവിധ വർഷങ്ങളിലെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നമ്പർ | ഓപ്പറേറ്റർ/ ഉടമ/ നിർമ്മാതാവ്/ ലൈസൻസി | കെട്ടിട നമ്പർ | വിസ്തീർണ്ണം ( $M^2$) | വസ്തുനികുതി അടവാ ക്കേണ്ടുന്ന കാലയളവ് | സഞ്ചയ പ്രകാരമുള്ള വാർഷിക വസ്തു നികുതി | ഈടാക്കേണ്ട വസ്തുനികുതി കുടിശ്ശിക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| 1 | വയർലെസ് ടാറ്റാടെലി | 1-426A | 12 M2 | 2011-12 ഒന്നും രണ്ടും അർദ്ധവർഷം മുതൽ 2012-13 ഒന്നും രണ്ടും അർദ്ധവർഷം വരെ | 2722 | 2x2722=5444 | |
| | | | | 2013-14 ഒന്നും രണ്ടും അർദ്ധവർഷം മുതൽ 2021-22 ഒന്നും രണ്ടും അർദ്ധവർഷം വരെ | 5670 | 9x5670*=51030 | *നികുതി പരിഷ്കരണത്തിനു ശേഷം നിലവിൽ വന്ന പുതുക്കിയ നിരക്ക് |
| 2 | ഭാരതി എയർടെൽ | 11-277 | 2 M2 | 2013-14 ഒന്നും രണ്ടും അർദ്ധവർഷം മുതൽ 2021-22 ഒന്നും രണ്ടും | 1155 | 9x1155=10395 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | അർദ്ധവർഷം വരെ | | | |
| 3 | ഭാരതി ഇൻഫ്രാടെൽ | 14-163 | 6 M2 | 2013-14 ഒന്നും രണ്ടും അർദ്ധവർഷം മുതൽ 2021-22 ഒന്നും രണ്ടും അർദ്ധവർഷം വരെ | 2835 | 9x2835=25515 | |
| 4 | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 18-100 | 40.47 M2 | 2013-14 ഒന്നും രണ്ടും അർദ്ധവർഷം മുതൽ 2017-18 ഒന്നും രണ്ടും അർദ്ധവർഷം വരെ | 21247 | 4x21247+10623 =95611 | |
| | | | | 2019-20 ഒന്നും രണ്ടും അർദ്ധവർഷം മുതൽ 2021-22 ഒന്നും രണ്ടും അർദ്ധവർഷം വരെ | 21247 | 3x21247=63741 | |
| 5 | റിലയൻസ് ഇൻഫോകോം ലിമിറ്റഡ് | 23-195 | 4 M2 | 2013-14 ഒന്നും രണ്ടും അർദ്ധവർഷം മുതൽ 2016-17 ഒന്നും രണ്ടും അർദ്ധവർഷം വരെ | 2520 | 4x2520=10080 | |
| | | | | 2019-20 രണ്ടാം അർദ്ധവർഷം, | 2520 | 1260 | |
| 6 | ഭാരതി സെല്ലുലാർ ലിമിറ്റഡ് | 23-1022c | 6 M2 | 2013-14 ഒന്നും രണ്ടും അർദ്ധവർഷം മുതൽ 2021-22 ഒന്നും രണ്ടും അർദ്ധവർഷം വരെ | 2520 | 9x2520=22680 | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 24 /24.11.2022 ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം. 1 ലെ വയർലെസ് ടാറ്റാടെലി എന്നവരുടെ ഉടമസ്ഥതയിലുള്ള ടവറിന്റെ കെട്ടിട നികുതി 2011 മുതൽ നാളിതുവരെയുള്ളത് ഒടുക്കാൻ ആവശ്യപ്പെട്ട് ഡിമാന്റ് നോട്ടീസ് അയച്ചപ്പോൾ സ്ഥാപനം ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും തുടർന്ന് ബഹു. ഹൈക്കോടതി ടി സ്ഥാപനത്തിന് 2019-20, 2020-21, 2021-22 വർഷങ്ങളിലെ മാത്രം നികുതി ഒടുക്കിയാൽ മതിയെന്ന താൽകാലിക റിട്ട് പെറ്റിഷൻ പാസ്സാക്കിയതായി അറിയിച്ചിട്ടുണ്ട്. മേൽ വർഷങ്ങളിലെ മാത്രം നികുതി ഒടുക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിന് ഐകെഎം നോട് ആവശ്യപ്പെടാമെന്നും അറിയിച്ചിട്ടുണ്ട്. ടി കാര്യത്തിലേയും മേൽ പരാമർശിച്ച മുഴുവൻ ടവറുകളുടേയും കെട്ടിട നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പുരോഗതി സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(വാർഷിക വസ്തു നികുതി=വിസ്തീർണ്ണംxയൂണിറ്റ് നിരക്ക്+വർദ്ധനവ്-ഇളവ്)

## 1-16 കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിൽ അപാകത

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്റർ, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിൽ വിവിധ കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിരക്കിലാണ് നികുതി കണക്കാക്കേണ്ടത്.

| ക്രമ നം | ഇനം | നിരക്ക് / ച.മീ |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 M2 വരെയുള്ള കെട്ടിടം. | 50 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 M2 ന മുകളിലുള്ള കെട്ടിടം. | 60 |

| ക്രമ നം | ഉമസ്ഥന്റെ വിലാസം | കെട്ടിട നമ്പർ | പ്ലിന്ത് ഏരിയ (ച.മീ) | നിർണ്ണയിച്ച നികുതി (₹/M2) | നിർണ്ണയിക്കേണ്ട നികുതി |
|---|---|---|---|---|---|
| 1 | മൊയ്ദീൻ കുഞ്ഞി എം യു, S/o മുഹമ്മദ്, ഉജാർ ഹൗസ്,പി.ഒ കൊടിയമ്മ | 5/341 A | 25.72 | 50 | 60 |
| | | 5/341 B | 26.73 | 50 | 60 |
| | | 5/341 C | 25.57 | 50 | 60 |
| | | 5/341 D | 42.59 | 50 | 60 |

2) ലത്തീഫ് സി എച്ച്, S/o മൊയ്തു സി എച്ച്, ഖൈറുന്നിസ മൻസിൽ, ചെറുമ്പ, പനയാൽ പി.ഒ

എന്നയാളുടെ ഉടമസ്ഥതയിലുള്ള 12ാം വാർഡിൽ സ്ഥിതി ചെയ്യുന്ന കെട്ടിടം 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ എന്ന ഗണത്തിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ആയതിനാൽ പ്രത്യേകമായി രേഖപ്പെടുത്താത്ത പക്ഷം മുറികൾ എല്ലാം തന്നെ സമാന ഗണത്തിലുമാണ് ഉൾപ്പെടേണ്ടിയിരുന്നത്. എന്നാൽ വസ്തു നികുതി നിർണ്ണയിച്ചപ്പോൾ കെട്ടിടത്തിലെ ചില മുറികൾ 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ എന്നതിനു പകരം 200 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ എന്നിങ്ങനെ വ്യത്യസ്ത ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | പ്ലിന്ത് ഏരിയ (ച.മീ) | ഉൾപ്പെടുത്തിയ ഗണം | ഉൾപ്പെടുത്തേണ്ടിയിരുന്നത് | നിർണ്ണയിച്ച നികുതി (₹/M2) | നിർണ്ണയിക്കേണ്ട നികുതി (₹/M2) |
|---|---|---|---|---|---|
| 425 A | 103.20 | 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 80 | 80 |
| 425 B | 24.60 | 200 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 60 | 80 |
| 425 C | 47.36 | 200 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 60 | 80 |
| 425 D | 37.50 | 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 200 ച. മീറ്ററിന് മുകളില് തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 80 | 80 |

നികുതി നിർണ്ണയത്തിലെ മേൽ അപാകതകൾക്കു നൽകിയ ഓഡിറ്റ് എൻക്വയറി നം. 27/24.11.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-17 വസ്തു നികുതി ഇനത്തിൽ വൻ കുടിശ്ശിക.

വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B5 (Sundry Debtors (Receivable)) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശികയിനത്തിൽ

ഇനത്തിൽ 47,70,676/-രൂപയുടെ ഭീമമായ തുക പരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ ആയത് പിരിച്ചെടുക്കാനുള്ള നടപടികൾ ഒന്നും തന്നെ സ്വീകരിച്ചതായി കാണുന്നില്ല.

2021-22 വർഷംവരെ 5,000/- രൂപയിലധികം വസ്തുനികുതി കുടിശ്ശിക വരുത്തിയ കെട്ടിട ഉടമകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | 31.3.2021-വരെ കുടിശിക തുകണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ |
|---|---|---|---|
| 1 | 408 To 414 | ദി സെക്രട്ടറി ശ്രീ മല്ലികാർജ്ജുന കോട്ടെ ശ്രീ വീരാഞ്ജനേയസേവാ സമിതി .ആരിക്കാടി(8848492928(മൊബൈൽ) | 27633 |
| 2 | 416 To 422, 422A, 423 To 433 | മൊഹമ്മദ് അഷ്റഫ് .കെ.പി S/o കെ.പി.അബ്ദുൾ റഹിമാൻ(9895493021(മൊബൈൽ)) | 12045 |
| 4 | 172 A, 172 B | രാജു.ഡി, കക്കയം കുന്നിൽ ഹൗസ്, ബംബ്രാണ | 9463 |
| 4 | 180, 181 | കെറപ്പാളു(കക്കള,9995810889(മൊബൈൽ)) | 10332 |
| 4 | 297 | മൊയ്ദീൻ S/o പക്രുബ(9567786577(മൊബൈൽ)) | 6494 |
| 4 | 301 | ബി എം മുഹമ്മദ്, S/o മമ്മുഞ്ഞി | 5355 |
| 5 | 41 A | അബ്ദുൾ റസാഖ് കെ.എം S/o മൂസ്സ(4 Th കെ.എം ഹൗസ്,ബീരന്തിക്കര,ബംബ്രാണ പി ഒ,671321) | 5787 |
| 5 | 92 A1 | സുഹറ. കെ D/o കെ.കെ.മുഹമ്മദ്(ഷേഡിഗുമ്മ ഹൌസ്,ആരിക്കാടി,ആരിക്കാടി പി ഒ,671321) | 5131 |
| 5 | 127 F | എം ബി അബ്ദുള്ള, താഴെക്കൊടിയമ്മ | 8227 |
| 5 | 127 F1 | മൊയ്ദിൻ കുഞ്ഞി സഖാഫി(ഫാത്തിമ മഹൾ,ജീലാനി നഗർ,ചത്രംപള്ളം,കൊടിയമ്മ പി ഒ,671321) | 6687 |
| 5 | 209 A | .ജഗന്നാഥ ഷെട്ടി(ബംബ്രാണ ബയില്വ ഹൊസമനെ,ബംബ്രാണ പി ഒ,671321) | 10440 |
| 5 | 243 C To H | റസാക്ക്(ഇശൽ മഹൽ,നംബിടി,ബംബ്രാണ പി ഒ,671321) | 11709 |
| 5 | 384 A | രത്നാകര റൈ ബി(ബട്ടേക്കല്ല് ഹൗസ്,ഉജാർ ഉളുവാർ,കിദൂർ പി ഒ,671321) | 10068 |
| 5 | 386 F | ജോസഫ് തോമസ് S/o.തോമസ് | 6000 |
| 5 | 214, 214 A To D, 215 To 221 | യു.എം.ഹംസ S/o മൊയ്ദീൻ കുട്ടി ഹാജി(ഉജർ ഹൗസ്,കൊടിയമ്മ പി ഒ,671321,9895700873(മൊബൈൽ)) | 6346 |
| 6 | 103 A | അബ്ദുൾ ഖാദർ(ഉജാർ ഉളുവാർ ഹൗസ്,കിദൂർ പി ഒ,671321) | 9375 |
| 6 | 285 A | ബി.ട്ടി. മൂസ(തുംബിയോട് ഹൗസ്,ബംബ്രാണ പി ഒ,671321,9895007935(മൊബൈൽ)) | 8540 |
| 8 | 67 | പ്രസിഡന്റ്, SKP ഫ്രണ്ട്സ് ക്ലബ്ബ്, കണ്ടങ്കാരടുക്കം | 10379 |
| 8 | 370 C | ഗെയ്ല് ഇന്ഡ്യ ലിമിറ്റഡ്(ഇച്ചിലംപാടി,ഇച്ചിലംപാടി, കാസറഗോഡ് ജില്ല,ഇച്ചിലംപാടി പി ഒ,671321) | 9109 |
| 9 | 415 A To F | നിഖിത എൽ ഭണ്ഡാരി, മാധവ ഹൗസ്, കൊടിയമ്മ | 5202 |
| 10 | 243 B | സെക്രട്ടറി സമസ്തകേരള സുന്നിയുവജന സംഘം(പെൽത്തടുക്ക,കൊടിയമ്മ,കൊടിയമ്മ പി ഒ,671321,9037901497(മൊബൈൽ)) | 13070 |
| 11 | 5 A To 5 J | ഹുസ്സൈനലി S/o ഇസ് മയിൽ | 11234 |
| 11 | 62 | ദി ചയർപെർസണ് ലിടിൽ ലില്ലി നസറി സ്കൂൾ | 6047 |
| 11 | 264 A | എം അബ്ബാസ് S/o മുഹമ്മദ് | 9224 |

| | | | |
|---|---|---|---|
| 12 | 16 B(UA) | സെക്രട്ടറി, മൊഹിമാത്തുൽ മുസ്ലീം എജ്യുക്കേഷൻ സെൻറർ(.,മൈമൂനത്ത് നഗർ) | 648705 |
| 13 | 85 A, B, C | ഡെപ്യൂട്ടി ഡയറക്ടർ , ക്ഷീര വികസന വകുപ്പ്(.,കാസറഗോഡ്,വിദ്യാനഗർ പി ഒ,671123) | 100279 |
| 13 | 97 A | സുരയ്യ ബാനു W/o.അബ്ദുൽ റഷീദ്(സൻസാർ,നാരായണമംഗള,കുമ്പള പി ഒ,671321) | 8214 |
| 13 | 281 To 290 | അറബി S/o കാദർ ഹാജി | 5689 |
| 13 | 297 To 306 | ജനറൽ മാനേജർ,ഡിസ്ട്രിക്ട് ഇന്റസ്ട്രീസ് സെൻറർ(കുമ്പള) | 22362 |
| 13 | 444 C, D, E | ബി. എം. അബ്ദുൽ ഖാദർ S/o മമ്മൂഞ്ഞി | 8921 |
| 15 | 215 E,F | അബ്ദുൾ ഹമീദ്(മുളിക്കണ്ടം(H),ശിരിബാഗിലു,671124,9930697072(മൊബൈൽ)) | 36380 |
| 17 | 259 A | അബ്ദുൾ റഹിമാൻ S/O അബ്ദുൾ ഖാദർ(.,മൈമൂൻ നഗർ,മൊഗ്രാൽ പി ഒ,671321,9349889669(മൊബൈൽ)) | 11815 |
| 18 | 231 | ഖദീജ W/O മൊഹമ്മദ്(മൊഗ്രാൽ പി ഒ,671321) | 5775 |
| 18 | 240 A | ദി ചെയർമാൻ, ഇമാൻ ചാരിറ്റബിൾ ട്രസ്റ്റ്(.,മൊഗ്രാൽ,മൊഗ്രാൽ പി ഒ,671321) | 12688 |
| 18 | 418 | ബീഫാത്തുമ്മ W/o അബ്ദുള്ള(9447346752(മൊബൈൽ) | 7373 |
| 18 | 515 To 520 | ടി.എം.സുഹൈബ് S/O ടി.എം.കുഞ്ഞി(),എം.പി.അബ്ദുൽ ഖാദർ S/O എം.പി.ഫക്രുദ്ദീൻ | 10952 |
| 19 | 10 To 22 | അഹമ്മദ് കബീർ S/O എം.അന്ദുഞ്ഞി ഹാജി | 8786 |
| 19 | 83,84,86 To91 | കെ.മൊഹമ്മദ് കുഞ്ഞി ഹാജി S/O അബ്ദുള്ള ഹാജി | 7691 |
| 19 | 106 To 117 | പ്രസിഡന്റ് മുഹയ്ദിൻ മസ്ജിദ് മദ്രസ് കമ്മിറ്റി | 6188 |
| 19 | 203 B (UA) | കടവത്ത് ബഷീർ(.,കൊപ്പളം,മൊഗ്രാൽ പി ഒ,671321) | 6342 |
| 19 | 364 | ഷാഹുൽ ഹമീദ് S/O ഹസൈനാർ(.,വലിയ നാങ്കി, മൊഗ്രാൽ പി ഒ,671321) | 11722 |
| 20 | 89 A1 | അബ്ദുൾ റഹിമാൻ,S/O.അബ്ദുൾ ഖാദർ (.,കോയിപ്പാടി കടപ്പുറം,കുമ്പള പി ഒ,671321,9142116557(മൊബൈൽ)) | 6492 |
| 21 | 441 To 445. 446A, 447 To 450 | അബ്ദുൽ കരീം & യൂസുഫ് S/o മുഹമ്മദ് ഹാജീ (9895144837(മൊബൈൽ) | 5910 |
| 21 | 518,518A,519 To 522 | കെ. ബി മമ്മു, S/o അബ്ബാസ്(9895676313(മൊബൈൽ)) | 6279 |
| 21 | 552A,552B | അബ്ബാസ് ഹാജി S/o മൊഹമ്മദ് | 5414 |
| 22 | 112B | ഡിസ്ട്രിക് പോലീസ് ചീഫ്(കാസറഗോഡ്,പറക്കട്ടെ, ആർ.ഡി നഗർ പി.ഒ) | 61040 |
| 22 | 114 | ദി തഹസിൽദാർ കാസർഗോഡ്(വില്ലേജ് ഓഫീസ്) | 9450 |
| 22 | 118 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾചർ(മഞ്ചെശ്വർ,കുമ്പള പി ഒ,671321) | 9639 |
| 22 | 165,166,167 | മൂസ കുഞ്ഞി S/o അബ്ദുൾ കാദർ | 8224 |
| 22 | 385,386 | എ.ബി. ഇബ്രാഹിം ഹാജി | 5292 |
| 22 | 423,424,425 | പി.വി.വിജയൻ S/o എ.കൊട്ടുങ്ങൻ(),പി.വി കുഞ്ഞി കണ്ണൻ S/o എ.കൊട്ടുങ്ങൻ | 5829 |
| 22 | 461,470 To 482 | എൻ.എ.ഹമീദ്(സൈനബാസ് മഹൽ,ബംഗരകുന്ന്, നെല്ലിക്കുന്ന്,Kasaragod പി ഒ,671321,9895327818(മൊബൈൽ)) | 5333 |
| 22 | 495,497 | കെ.പി. മൊഹമ്മദ് S/o ബാപ്പുഞ്ഞി | 11388 |
| 22 | 507,509,510 | 1.എം.മൊഹമ്മദ് S/O കെ.മൊയ് ദ്ദ 2.ബി.അബ്ദുൾ റഹിമാൻ, 3.ഫാത്തിമത്ത് സുഹറ, 4.ബി.അബൂബക്കർ, 5.അസ്മ | 7038 |
| 22 | 530,531,532 | എം.എം. ആയിഷ W/o എം.എ അബ്ദുൾ കാദർ | 13320 |
| 22 | 534 To 541 | 1).ഇബ്രാഹിം മാടക്കം അബ്ദുള്ള S/o അബ്ദുള്ള മാടക്കം, 2).സഫിയ | 10552 |

| | | | |
|---|---|---|---|
| | | ഇബ്രാഹിം W/o ഇബ്രാഹിം | |
| 22 | 543 To550 | ഇബ്രാഹിം മദക്കം അബ്ദുല്ല S/o അബ്ദുള്ള മദക്കം(),സഫിയ ഇബ്രാഹിം W/o ഇബ്രാഹിം | 6340 |
| 22 | 620,622 | ദി സെക്രട്ടറി, കുമ്പള ബെദർ ജുമാ മസ്ജിദ് കമ്മിറ്റി | 9639 |
| 22 | 622A(UA) To 622L (UA) | പ്രസിഡന്റ്, ബദർ ജുമാമസ്ജിദ്(.,കുമ്പള,കുമ്പള പി ഒ,671321) | 77613 |
| 22 | 655 | എം അബ്ദുൽ റഹിമാൻ S/o എം. മൊയ്ദു ഹാജി | 5142 |
| 22 | 674,675,682 | എൻ അബ്ദുല്ല(),എൻ അബ്ബാസ് S/o നട്ടത്തോപ്പ് മൊഹമ്മദ്() | 27748 |
| 22 | 723 | നഫീസ W/O LATE മൊയ്ദു & 5 ചിൽടൻസ്(കാവുഗോളി ,ചവ്കി ,പോക്കട്ല്) | 7904 |
| 22 | 809 To 814 | നബീസ @ കെ.പി.നഫീസ W/O എം.ഇസ്മൈൽ | 6866 |
| 22 | 849 A | മാനേജർ റീട്ടെയ്ൽ എഞ്ചിനീയറിംഗ് ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റെഡ്(എലത്തൂർ ,കോഴിക്കോട് | 23940 |
| 23 | 122 | എസ്.നാരായണ ഭട്ട്, സെക്രട്ടറി ശ്രീവിദ്യ വർദ്ധക് സേവ ട്രസ്റ്റ്(ശങ്കരപുരം, ഷേഡികാവ്,കുമ്പള പി ഒ,671321,9495417937(മൊബൈൽ)) | 14481 |
| 23 | 148 | പ്രസാന്ത്.പി S/O ചന്ദ്രശേഖര(NEAR ശിവ ടെമ്പിൾ,ഷേടിക്കാവ്,കുമ്പള പി ഒ,671321,9895268868(മൊബൈൽ)) | 6912 |
| 23 | 262 To 266 | ഡോ.എം.ഷാം ഭട്ട്(9895482332(മൊബൈൽ)) | 10740 |
| 23 | 288 A To 288H | ബി.അനന്ദ പൈ(.,ബദിയടക്ക റോഡ്,കുമ്പള പി ഒ,671321,9447653009(മൊബൈൽ)) | 18400 |
| 23 | 288 I To 288 L | ബി.നാരായണ പൈ മുതൽ പേർ ,ചിൽടൻസ് ഓഫ് മാധവ പൈ (L)(NEAR വീര വിട്ടൽ ടെമ്പിൾ,കുമ്പള പി ഒ,671321,9447653009(മൊബൈൽ)) | 6760 |
| 23 | 363 To 366 | അലി ഹാജി S/O അബ്ദുൾ റഹിമാൻ(9496050790(മൊബൈൽ)) | 7609 |
| 23 | 395 To 418 | എൻ.അബ്ദുല്ല S/o മൊഹമ്മദ് ഹാജി(9895021358(മൊബൈൽ)),ബദ്റുന്നിസ D/o മാഹിൻ ഹാജി(9895021358(മൊബൈൽ)) | 7218 |
| 23 | 461 To 475 | ദി പ്രസിഡൻറ് | 8142 |
| 23 | 611 B,D,E | പ്രസിഡണ്ട്, ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് കുമ്പള പഞ്ചായത്ത് കമ്മിറ്റി(കുമ്പള പി ഒ,671321,9995335075(മൊബൈൽ)) | 5164 |
| 23 | 746,756,759A,761 | നാരായണ പൈ & ബ്രദേഴ്സ്, ചിൽഡ്രൻസ് ഓഫ് മാധവ പൈ(9447653009(മൊബൈൽ)) | 12205 |
| 23 | 765 | 1.അജയ് പൈ 2).ബി.സുധീർ പൈ ചിൽഡ്രൻ ഓഫ് അനന്ത പൈ(9447653009(മൊബൈൽ)) | 6803 |
| 23 | 768 To 771 | എം.എ.അബ്ബാസ് S/o മൊഹമ്മദ് ഹാജി | 5686 |
| 23 | 780 To 790 | ഷഫീഖ് വി.കെ S/o ഡോ.വി.കെ. മൊഹമ്മദ് | 30591 |
| 23 | 808 816 A To E | മൊഹമ്മദ് കുഞ്ഞി മൊയ്ദീൻ,അബ്ദുൽ ഖരീം മൊയ്ദീൻ,മൊഹമ്മദ് ഹനീഫ്,സൺസ് ഓഫ് ഹാജി മൊയ്ദീൻ | 33179 |
| 23 | 898,899 | 1.അബ്ദുൽ ഹബീബ് പടിഞ്ഞാറ് അബ്ദുള്ള S/O LATE അബ്ദുള്ള 2.ആമിന ഹബീബ് W/O അബ്ദുൾ ഹബീബ്(8129350828(മൊബൈൽ)) | 8508 |
| 23 | 909 | മൊഹമ്മദ് അഷ്റഫ് S/o എം.എ അബ്ദുള്ള(7907370962(മൊബൈൽ) | 5103 |
| 23 | 930 | കെ. അബ്ദുൾ മുനീർ S/o കെ.അറബി | 9021 |
| 23 | 934,935 | അബ്ദുൽ ഹബീബ് പഡിൻജാറ്റ അബ്ദുല്ല S/o ലേറ്റ് അബ്ദുള്ള(8129350828(മൊബൈൽ)),ആമിന ഹബീബ് W/o അബ്ദുൾ ഹബീബ് | 5106 |
| 23 | 944 | ഡോ. മാത്യു കുര്യൻ S/o കുര്യൻ മത്തായി . എസ്(9343342180(മൊബൈൽ)) | 7344 |
| 23 | 988 | എം.ആസിയമ്മ(9746904166(മൊബൈൽ)) | 11745 |

| | | | |
|---|---|---|---|
| 23 | 1017,1018 | എൻ.എ.മൊഹമ്മദ് S/o അബ്ദുൾ റഹിമാൻ | 16790 |
| 23 | 1022A,B | ഇ.എ.മൊഹമ്മദ് S/o അബ്ദുൾ കാദർ | 20412 |
| 23 | 1025,1026 | എം.അബൂബക്കർ S/o മൊയ്തു ഹാജി | 14292 |
| 23 | 1027 To 1030 | എൻ.എ.മൊഹമ്മദ് S/o അബ്ദുൾ റഹിമാൻ | 28584 |
| 23 | 1102,1112 | അബൂബക്കർ സിദ്ദീഖ് ,അബ്ദുൾ റഫീഖ്,അബ്ദുൾ അസീസ് | 12987 |
| 23 | 1140 | മറിയമ്പി W/o ഇ.പി. മൊഹമ്മദ്(പച്ചമ്പള,ഇച്ചിലംകോട് പി ഒ) | 11907 |
| 23 | 1251,1253 | ബി. മൊയ്തു S/o ബി.അബ്ദുള്ള | 5398 |
| 23 | 1263 To 1267 | കെ.ജാനകി W/o Late കെ.ബി.ബട്ടുഞ്ഞി | 8876 |
| 23 | 1268 To 1270 | കെ.ജാനകി W/o Late കെ.ബി.ബട്ടുഞ്ഞി | 10588 |
| 23 | 1379, 1380 | പി.സി.മമ്മു S/o സീതി | 8113 |
| 23 | 1412,1414 | നാരായണ കെ, S/o. സുബ്ബ പൂജാരി (കോട്ടക്കാർ,കുമ്പള,കുമ്പള പി ഒ, 671321,9746368269(മൊബൈൽ)), ഹേമലത,W/o.നാരായണ (കോട്ടക്കാർ ഹൌസ്,കുമ്പള,കുമ്പള പി ഒ,671321, 9497515946(മൊബൈൽ) | 5666 |
| 23 | 1450,1451 | മൊഹമ്മദ് .യു.കെ S/o ഉപ്പ കുഞ്ഞി (കുമ്പള പി ഒ,671321) | 7488 |
| 23 | 1480,1488 | ദി സൂപ്പറിണ്ടന്റന്റ് ഓഫ് പോലിസ് (കാസറഗോഡ്,4998213037(മൊബൈൽ)) | 9080 |
| 23 | 1494 | തഹസിൽദാർ (കാസറഗോഡ്) | 11028 |

വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പുരോഗതി സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 25 /24.11.2022)

## 1-18 കെട്ടിട നിർമ്മാണ പെർമിറ്റ് സംബന്ധിച്ച്

കുമ്പള ഗ്രാമപഞ്ചായത്ത് പരിധിയിൽ കോയിപ്പാടി വില്ലേജിൽ റീസർവ്വേ നം.533/1 -ൽ പ്പെട്ട ബഷീർ അഹമ്മദ്, എ കെ ഫൈസൽ, മുഹമ്മദ് ഇർഷാദ്, അബ്ദുൾ നൗഷാദ് എന്നിവരുടെ ഉടമസ്ഥതയിൽപ്പെട്ട പ്ലോട്ടിൽ ലീസ് എഗ്രിമെന്റ് പ്രകാരം ശ്രീ. രമേഷൻ പി, ചെയർമാൻ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നവർക്ക് നൽകിയ 40468.564 ച.മീ വിസ്തൃതിയുള്ള സ്ഥലത്ത് ഗ്രൂപ്പ് I Hazardous (Ready Mix Plant, Wet Mix Macadam Plant, Hot Mix Plant), ഗ്രൂപ്പ് G1 Industrial (Workshop), ഗ്രൂപ്പ് H, ഗ്രൂപ്പ് A2, ഗ്രൂപ്പ് F ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പെർമിറ്റ് (നം. SC3-9904/21) അനുവദിച്ചിട്ടുണ്ട്. 2019 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടം 30 പ്രകാരം ജില്ലാ ടൗൺ പ്ലാനറിൽ നിന്നും 21.01.2022 ലെ TCPKSD/383/2021-C/K.Dis പ്രകാരം നിബന്ധനകൾക്ക് വിധേയമായി അനുമതി ലഭ്യമാക്കിയിട്ടുണ്ട്.

ഗ്രൂപ്പ് I -ആപത് സാധ്യതയുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് നിർമ്മാണ അനുമതി നൽകുമ്പോൾ 2019 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് Rule 5(3) പ്രകാരം ഫയർ& സേഫ്റ്റി വകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ ആയത് ലഭ്യമാക്കാതെയാണ് പെർമ്മിറ്റ് അനുവദിച്ചിട്ടുള്ളത്. കൂടാതെ 2019 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടം 79പ്രകാരം ഖര മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയവും പര്യാപ്തവുമായ സംവിധാനം ഒരുക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം ചെയ്തതായി കാണുന്നില്ല.

മേൽ അപാകത ഓഡിറ്റ് എൻക്വയറി നം. 26 /24.11.2022 മുഖേന ശ്രദ്ധതിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഫയർ& സേഫ്റ്റി വകുപ്പിൽ നിന്നുള്ള അനുമതി ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 കാസറഗോഡ് വികസന പാക്കേജ് -കൊടിയമ്മ പാലം നിർമ്മാണം-ഗ്രാമപഞ്ചായത്ത്

വിഹിതം നൽകൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് നം.224/22

അടങ്കൽ - 2300000/-രൂപ - തനത് ഫണ്ട്

ചെലവ് - 500000/-രൂപ

വൗച്ചർ നം.22101154/31.3.2022 – 500000/-രൂപ

2017-18 വർഷത്തിൽ കാസറഗോഡ് വികസന പാക്കേജിൽ 77 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച ഉജ്ജാർ കൊടിയമ്മ സ്കൂൾ റോഡ് ബോക്സ് കൾവർട്ട് നിർമ്മാണം എന്ന പ്രവർത്തിയാണിത്.ഈ പ്രവർത്തിക്ക് അധികമായി വേണ്ട 23 ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകുന്നതിന് പദ്ധതി രൂപീകരിച്ച് തുക വകയിരുത്തണമെന്നും, വകയിരുത്തിയ തുക ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തിന് കൈമാറണമെന്നും സ്പെഷ്യൽ ഓഫീസർ കാസറഗോഡ് വികസന പാക്കേജ് കത്ത് നം.1145(351)/2017-18/KDP/DPO/KSD/തിയ്യതി-5.3.2022 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് മേൽ വൗച്ചർ പ്രകാരം ആകെ 500000/-രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം കാസറഗോഡിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. അക്കൗണ്ട് നം.33633722490/SBI.

ഈ പ്രവർത്തിക്കായി വകയിരുത്തിയ മുഴുവൻ തുകയും നൽകിയിട്ടില്ല. 2022-23 വർഷത്തിൽ സ്പിൽ ഓവർ ആയി ഈ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും, ബാക്കി തുക നൽകിയിട്ടുണ്ടോ എന്നും, പ്രവർത്തി നിലവിൽ പൂർത്തീകരിച്ചുവോ എന്നും ഫയലിൽ നിന്നും വ്യക്തമല്ല. വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 500000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

ഓഡിറ്റ് എൻക്വയറി നം .08/22.11.2022

1-20 കുമ്പള ഗ്രാമപഞ്ചായത്തിലെ 2,3,4,7,10 വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് നം.378/22

അടങ്കൽ - 1000000/-രൂപ - ധനകാര്യ കമ്മീഷൻ അവാർഡ്

ചെലവ് - 679025/-രൂപ

വൗച്ചർ നം.22101153/31.3.2022 – 679025/-രൂപ

കുമ്പള ഗ്രാമപഞ്ചായത്തിലെ 2,3,4,7,10 വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കാൻ 2021-22 ൽ നടപ്പിലാക്കാൻ രൂപീകരിച്ച പദ്ധതിയാണിത്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് വഴി ഡെപ്പോസിറ്റ് പ്രവൃത്തിയായാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് കുമ്പള സെക്ഷനെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ അറിയിച്ചതിനെ തുടർന്ന് അവർ എസ്റ്റിമേറ്റ് തയ്യാറാക്കി. എസ്റ്റിമേറ്റും ഡിമാന്റ് നോട്ടീസും നം.DB/ES/KBL/2021-22/Demand Letter/743/തിയ്യതി-26.3.2022 പ്രകാരം അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് കുമ്പള സെക്ഷൻ സമർപ്പിച്ചു. ആകെ എസ്റ്റിമേറ്റ് തുക 679025/-രൂപ. വൗച്ചർ നം.22101153/31.3.2022 പ്രകാരം 679025/-രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡ് കുമ്പള സെക്ഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. അക്കൗണ്ട് നം.42063170000041/കാനറാ ബാങ്ക്.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് ഭരണസമിതി അംഗീകാരം നൽകിയതിന്റെ രേഖകൾ, വൈദ്യുതി ബോർഡുമായി ഒപ്പിട്ട കരാർ, പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 679025/-രൂപ ഓഡിറ്റിൽ

തടസ്സത്തിൽ വെക്കുന്നു.

ഓഡിറ്റ് എൻക്വയറി നം .09/22.11.2022

1-21 ദേവിനഗർ GWLPS സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.422/22

അടങ്കൽ - 85000/-രൂപ - പ്ലാൻ ജനറൽ

ചെലവ് - 82217/-രൂപ

ബിൽ റഫറൻസ് നം.21200252000901485411/26.3.2022 – 82217/-രൂപ

കുമ്പള ഗ്രാമപഞ്ചായത്തിലെ ദേവിനഗർ GWLPS പ്രദേശത്ത് സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കുന്നതിന് രൂപീകരിച്ച പദ്ധതിയാണിത്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് വഴി ഡെപ്പോസിറ്റ് പ്രവൃത്തിയായാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് കുമ്പള സെക്ഷനെ അറിയിച്ചു. 14.3.2022 ലെ നം.DB/ES-KBL/2021-22/demand Letter/721 പ്രകാരം ഡിമാന്റ് നോട്ടീസും പ്രവൃത്തിയുടെ എസ്റ്റിമേറ്റും വൈദ്യുതി ബോർഡ് സമർപ്പിച്ചു. ആകെ എസ്റ്റിമേറ്റ് തുക 82217/-രൂപ. 26.3.2022ന് വൈദ്യുതി ബോർഡ് കുമ്പള സെക്ഷൻ അസി.എഞ്ചിനീയറുമായി കരാർ ഒപ്പിട്ടു. ബിൽ റഫറൻസ് നം.21200252000901485З411/26.3.2022 പ്രകാരം 82217/-രൂപ വൈദ്യുതി ബോർഡ് കുമ്പള സെക്ഷന് കൈമാറി. അക്കൗണ്ട് നം.42063170000041/കാനറാ ബാങ്ക്.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് ഭരണസമിതി അംഗീകാരം നൽകിയതിന്റെ രേഖകൾ, പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 82217/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

ഓഡിറ്റ് എൻക്വയറി നം .10/22.11.2022

1-22 സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ @കക്കളംകുന്ന് പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.422/22

അടങ്കൽ - 150000/-രൂപ - പ്ലാൻ ജനറൽ

ചെലവ് - 147884/-രൂപ

ബിൽ റഫറൻസ് നം.21200252000901485439/26.3.2022 – 147884/-രൂപ

കുമ്പള ഗ്രാമപഞ്ചായത്തിലെ കക്കളം കുന്നിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കുന്നതിന് രൂപീകരിച്ച പദ്ധതിയാണിത്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് വഴി ഡെപ്പോസിറ്റ് പ്രവർത്തിയായാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് കുമ്പള സെക്ഷനെ അറിയിച്ചു. 26.3.2022 ലെ നം.DB/ES-KBL/2021-22/demand Letter/744 പ്രകാരം ഡിമാന്റ് നോട്ടീസും പ്രവർത്തിയുടെ എസ്റ്റിമേറ്റും വൈദ്യുതി ബോർഡ് സമർപ്പിച്ചു. ആകെ എസ്റ്റിമേറ്റ് തുക 147884/-രൂപ. 26.3.2022ന് വൈദ്യുതി ബോർഡ് കുമ്പള സെക്ഷൻ അസി.എഞ്ചിനീയറുമായി കരാർ ഒപ്പിട്ടു. ബിൽ റഫറൻസ് നം.21200252000901485439/26.3.2022 പ്രകാരം 147884/-രൂപ വൈദ്യുതി ബോർഡ് കുമ്പള സെക്ഷന് കൈമാറി. അക്കൗണ്ട് നം.42063170000041/കാനറാ ബാങ്ക്.

ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റിന് ഭരണസമിതി അംഗീകാരം നൽകിയതിന്റെ രേഖകൾ, പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 147884/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

ഓഡിറ്റ് എൻക്വയറി നം .11/22.11.2022

1-23 കോയിപ്പാടി കടപ്പുറം 20-ാം വാർഡിലെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.431/22

അടങ്കൽ - 50000/-രൂപ - തനത് ഫണ്ട്

ചെലവ് - 44103/-രൂപ

വൗച്ചർ നം.22101144/30.3.2022 – 44103/-രൂപ

കുമ്പള ഗ്രാമപഞ്ചായത്തിലെ കോയിപ്പാടി കടപ്പുറം 20-ാം വാർഡിലെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കാനുള്ള പദ്ധതിയാണിത്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് വഴി ഡെപ്പോസിറ്റ് പ്രവൃത്തിയായാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് കുമ്പള സെക്ഷനെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ അറിയിച്ചതിനെ തുടർന്ന് അവർ എസ്റ്റിമേറ്റ് തയ്യാറാക്കി. എസ്റ്റിമേറ്റും ഡിമാന്റ് നോട്ടീസും നം.DB/ES/KBL/2021-22/Demand Letter/74 /തിയ്യതി-24.3.2022 പ്രകാരം അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് കുമ്പള സെക്ഷൻ സമർപ്പിച്ചു. ആകെ എസ്റ്റിമേറ്റ് തുക 44103/-രൂപ. 24.3.2022 ന് അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് കുമ്പള സെക്ഷനുമായി കരാർ ഒപ്പിട്ടു. വൗച്ചർ നം.22101144/30.3.2022 പ്രകാരം 44103/-രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡ് കുമ്പള സെക്ഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. അക്കൗണ്ട് നം.42063170000041/കാനറാ ബാങ്ക്.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് ഭരണസമിതി അംഗീകാരം നൽകിയതിന്റെ രേഖകൾ, പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 44103/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

ഓഡിറ്റ് എൻക്വയറി നം .12/22.11.2022

1-24 ശാന്തിപ്പള്ളം 13-ാം വാർഡിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.432/22

അടങ്കൽ - 100000/-രൂപ - പ്ലാൻ ജനറൽ

ചെലവ് - 90241/-രൂപ

ബിൽ റഫറൻസ് നം.212002520009014185422/26.3.2022 – 90241/-രൂപ

കുമ്പള ഗ്രാമപഞ്ചായത്തിലെ ശാന്തിപ്പള്ളം 13-ാം വാർഡിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കുന്നതിന് രൂപീകരിച്ച പദ്ധതിയാണിത്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് വഴി ഡെപ്പോസിറ്റ് പ്രവൃത്തിയായാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് കുമ്പള സെക്ഷനെ അറിയിച്ചു. 14.3.2022 ലെ നം.DB/ES-KBL/2021-22/demand Letter/722 പ്രകാരം ഡിമാന്റ് നോട്ടീസും പ്രവൃത്തിയുടെ എസ്റ്റിമേറ്റും വൈദ്യുതി ബോർഡ് സമർപ്പിച്ചു. ആകെ എസ്റ്റിമേറ്റ് തുക 90241/-രൂപ. 26.3.2022ന് വൈദ്യുതി ബോർഡ് കുമ്പള സെക്ഷൻ അസി.എഞ്ചിനീയറുമായി കരാർ ഒപ്പിട്ടു. ബിൽ റഫറൻസ് നം.21200252000901485342 2/26.3.2022 പ്രകാരം 90241/-രൂപ വൈദ്യുതി ബോർഡ് കുമ്പള സെക്ഷന് കൈമാറി. അക്കൗണ്ട് നം.42063170000041/കാനറാ ബാങ്ക്.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് ഭരണസമിതി അംഗീകാരം നൽകിയതിന്റെ രേഖകൾ, പ്രവൃത്തി

പൂർത്തീകരിച്ചതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 90241/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

ഓഡിറ്റ് എൻക്വയറി നം .13/22.11.2022

1-25 ക്ലാർക്ക് തസ്തികയിൽനിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനകയറ്റം ലഭിച്ചതിനെ തുടർന്ന് സീനിയർ ക്ലാർക്ക് തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിൽ ശമ്പളം നിർണ്ണയിച്ച ജീവനക്കാരന് ക്ലാർക്ക് തസ്തികയിലെ ഇൻക്രിമെന്റ് തീയതിയിൽ റീഫിക്സേഷൻ അനുവദിച്ച -അപാകത.

ശ്രീ. ജയപ്രിയൻ. വി-യുടെ ശമ്പളം ജി. ഒ (പി) നം 7/2016/ഫിൻ തീയതി 20.01.2016 പ്രകാരം ക്ലാർക്ക് തസ്തികയിൽ 19000-43600 എന്ന ശമ്പള സ്കയിലിൽ 01.07.2014 ന് 20,550/- രൂപയായി നിർണ്ണയം നടത്തിയിട്ടുണ്ട്. തുടർന്നുള്ള ഇൻക്രിമെന്റുകൾ 01.03.2015 (₹ 21,100/-), 01.03.2016 (₹ 21,650/-), 01.03.2017 (₹ 22,200/-) എന്നീ തീയതികളിലും അനുവദിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 14.07.2017ലെ ഉത്തരവ് നം. ഇ4-04/2017 പ്രകാരം ശ്രീ. ജയപ്രിയനെ സീനിയർ ക്ലാർക്ക് തസ്തികയിൽ ഉദ്യോഗകയറ്റം നൽകി മഞ്ചേശ്വരം ഗ്രാമ പഞ്ചായത്തിൽ നിയമിച്ചു. തുടർന്ന് 18.07.2017 ന് ഇദ്ദേഹം സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. ഇദ്ദേഹത്തിന്റെ സേവനപുസ്തകം (പേജ് നമ്പർ 22) പ്രകാരം 18.07.2018 ന് സീനിയർ ക്ലാർക്ക് തസ്തികയിൽ 25200-54000 എന്ന ശമ്പള സ്കയിലിൽ 25,200/- രൂപയായി നിർണ്ണയിച്ചിട്ടുണ്ട്. തുടർന്നുള്ള ഇൻക്രിമെന്റുകൾ 01.03.2018 (₹ 25,850/- സേവനപുസ്തകം പേജ് നമ്പർ 22), 01.03.2019 (₹ 26,500/- സേവനപുസ്തകം പേജ് നമ്പർ 30), 01.03.2020 (₹ 27,150/-സേവനപുസ്തകം പേജ് നമ്പർ 31) എന്നീ തീയതികളിലും അനുവദിച്ചിട്ടുണ്ട്.

ക്ലാർക്ക് തസ്തികയിൽനിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനകയറ്റം ലഭിച്ചതിനെ തുടർന്ന് സീനിയർ ക്ലാർക്ക് തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിൽ ശമ്പളം നിർണ്ണയിച്ച ജീവനക്കാരന് ക്ലാർക്ക് തസ്തികയിലെ ഇൻക്രിമെന്റ് തീയതിയിൽ റീഫിക്സേഷന് അർഹതയില്ല. ആയതിനാൽ 18.07.2018 ന് സീനിയർ ക്ലാർക്ക് തസ്തികയുടെ ശമ്പള സ്കയിലിന്റെ മിനിമമായ 25,200/- രൂപയായി ശമ്പളം നിർണ്ണയിച്ച ഇദ്ദേഹത്തിന് തുടർന്നുള്ള ഇൻക്രിമെന്റുകൾ 01.07.2018 (₹ 25,850/-), 01.07.2019 (₹ 26,500/-), 01.07.2020 (₹ 27,150/-) എന്നീ തീയതികളിലാണ് അനുവദിക്കേണ്ടിയിരുന്നത്.

ശ്രീ. ജയപ്രിയൻ. വി-യുടെ ശമ്പളം ജി. ഒ (പി) നം 27/2021/ഫിൻ തീയതി 10.02.2021 പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിൽ 35600-75400 എന്ന ശമ്പള സ്കയിലിൽ 01.07.2019 ന് 34,700/- രൂപയായി നിർണ്ണയം നടത്തിയിട്ടുണ്ട് (സേവനപുസ്തകം പേജ് നമ്പർ 101). തുടർന്നുള്ള ഇൻക്രിമെന്റുകൾ 01.07.2020 (₹ 38,300/- സേവനപുസ്തകം പേജ് നമ്പർ 34), 01.07.2021 (₹ 39,300/- സേവനപുസ്തകം പേജ് നമ്പർ 34), 01.07.2022 (₹ 40,300/- സേവനപുസ്തകം പേജ് നമ്പർ 38) എന്നീ തീയതികളിലും അനുവദിച്ചിട്ടുണ്ട്.

ആയതിനാൽ ശ്രീ. ജയപ്രിയൻ. വി, സീനിയർ ക്ലാർക്കിന് 01.03.2018 മുതൽ 31.06.2019 വരെയുള്ള കാലയളവിൽ ഇൻക്രിമെന്റുകൾ തെറ്റായി മുൻകൂട്ടി അനുവദിച്ചതിനാൽ ചുവടെ വിവരിക്കും പ്രകാരം 7,512/- രൂപ അധികം കൈപ്പറ്റിയിട്ടുണ്ട്. ഈ തുക ബന്ധപ്പെട്ട ജീവനക്കാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇൻക്രിമെന്റുകൾ ക്രമീകരിച്ച് വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 14 തിയതി 22.11.2022).

| കാലയളവ് | അധികം കൈപ്പറ്റിയ തുക | | |
|---|---|---|---|
| | പേ | ഡി.എ | ആകെ |
| 3/2018, 4/2018, 5/2018, 6/2018 & SEL For 30 Days W.e.f 01.04.2018- page Number 115 Of Service Book) | 5 X 650 = ₹ 3250/- | 5 X 111 (DA @ 17%)= ₹ 555 | ₹ 3,805/- |

| | | | |
|---|---|---|---|
| 3/2019, 4/2019, 5/2019, 6/2019 & SEL For 19 Days W.e.f 01.04.2019-page Number 115 Of Service Book) | 4 X 650 + 412= ₹ 3012/- | 4 X 150 (DA @ 23%)+ 95 = ₹ 695/- | ₹ 3,707/- |
| | ആകെ അധികം കൈപ്പറ്റിയ തുക | | ₹ 7,512/- |

1-26 സസ്പെൻഷൻ വിവരങ്ങൾ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. അഭിജിത്ത്. എം.ആർ-നെ കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 05.01.2022 ലെ നം DDP-KSD/23/2022-SC-5 ഉത്തരവ് പ്രകാരം 04.01.2022തീയതി പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്. എന്നാൽ ശ്രീ. അഭിജിത്ത്. എം.ആർ-ന്റെ സേവന പുസ്തകത്തിൽ സസ്പെൻഡ് ചെയ്ത വിവരം രേഖപ്പെടുത്തിയിട്ടില്ല.

18.07.2019 ന് സേവനത്തിൽ പ്രവേശിച്ച ശ്രീ. അഭിജിത്ത്. എം.ആർ-ന്റെ സേവനപുസ്തകത്തിൽ ( പേജ് നമ്പർ 16) ജി. ഒ (പി) നം 27/2021/ഫിൻ തീയതി 10.02.2021 പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 23000-50200 എന്ന ശമ്പള സ്കെയിലിൽ 08.07.2019 ന് 23,000/- രൂപ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 18.07.2019 ന് സേവനത്തിൽ പ്രവേശിച്ച ജീവനക്കാരന് അതിനുമുൻപുള്ള തീയതിയിൽ ശമ്പള നിർണ്ണയം നടത്തിയത് ശരിയല്ല.

ശ്രീ. അഭിജിത്ത്. എം.ആർ-ന്റെ സേവനപുസ്തകത്തിൽ 01.07.2020 ന് വാർഷിക ഇൻക്രിമെന്റ് അനുവദിച്ചതിനുശേഷം മറ്റു രേഖപ്പെടുത്തലുകളൊന്നും നടത്തിയിട്ടില്ല. മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 15 തിയതി 2211.2022).

1-27 ജീവനക്കാരുടെ സേവന പുസ്തകത്തിൽ യഥാസമയം രേഖപ്പെടുത്തലുകൾ നടത്തുന്നില്ല.

ശ്രീ. പ്രവീൺ കുമാർ.പി 14.07.2020 ന് കുമ്പള ഗ്രാമ പഞ്ചായത്തിൽ അക്കൗണ്ടന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ സേവനപുസ്തകത്തിൽ 14.07.2020 ന് ശേഷം മറ്റു രേഖപ്പെടുത്തലുകളൊന്നും നടത്തിയിട്ടില്ല. ജി. ഒ (പി) നം 27/2021/ഫിൻ തീയതി 10.02.2021 പ്രകാരം 01.07.2019 ന് പുതുക്കിയ ശമ്പള സ്കയിലിൽ ശമ്പള നിർണ്ണയം നടത്തിയതിന്റെ വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. സേവന പുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾവരുത്തി അപാകത പരിഹരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 16 തിയതി 22.11.2022).

1-28 ജീവനക്കാരുടെ ശമ്പള നിർണ്ണയം നടത്തിയത് അംഗീകാരം വാങ്ങിയിട്ടില്ല.

കുമ്പള ഗ്രാമ പഞ്ചായത്തിൽ ജോലിചെയ്യുന്ന ചുവടെ പരാമർശിക്കുന്ന ജീവനക്കാരുടെ ശമ്പളം ജി. ഒ (പി) നം 27/2021/ഫിൻ തീയതി 10.02.2021 പ്രകാരം പുതുക്കിയ ശമ്പള സ്കയിലിൽ ശമ്പള നിർണ്ണയം നടത്തിയത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകാരം വാങ്ങിയിട്ടില്ല.

| ക്രമ നം | ജീവനക്കാരുടെ പേര് | തസ്തിക |
|---|---|---|
| 1 | മാത്യൂ.കെ.ജെ | അസിസ്റ്റന്റ് സെക്രട്ടറി |
| 2 | സമീർ.എസ് | ജൂനിയർ സൂപ്രണ്ട് |
| 3 | ജയപ്രിയൻ.വി | സീനിയർ ക്ലാർക്ക് |
| 4 | ഷൈനി. എം.എ | സീനിയർ ക്ലാർക്ക് |

| | | |
|---|---|---|
| 5 | അശോകൻ.കെ.വി | സീനിയർ ക്ലാർക്ക് |
| 6 | വിനേഷ്.ടി.കെ | ഓഫീസ് അറ്റൻഡന്റ് |
| 7 | ശാലനി.കെ | ഫുൾ ടൈം സ്വീപ്പർ |

ജീവനക്കാരുടെ ശമ്പള നിർണ്ണയം നടത്തിയത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 17 തിയതി 22.11.2022).

1-29 വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വിഭജനം നടത്തി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനാൽ ആവശ്യകത കണക്കാക്കാതെ തീരെ ചെറിയ നീളത്തിൽ റോഡ് പ്രവൃത്തി ചെയ്യുന്നു.

2021-2022 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും 5 ലക്ഷം രൂപയിൽ താഴെ അടങ്കലുള്ള റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്. 2.5 ലക്ഷം, 3 ലക്ഷം, 3.5 ലക്ഷം, 4 ലക്ഷം, 4.5 ലക്ഷം എന്നിങ്ങനെയാണ് മിക്ക റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെയും അടങ്കൽ. ഫണ്ട് അടിസ്ഥാനമാക്കിയാണ് കോൺക്രീറ്റ് ചെയ്യേണ്ടുന്ന റോഡിന്റെ നീളം നിശ്ചയിക്കുന്നത്. ഫണ്ട് ലഭ്യത2 ലക്ഷം രൂപയാണെങ്കിൽ 50m നീളത്തിലും 3m വീതിയിലും റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പാക്കും. (ഉദാഹരണം- ബന്നങ്കുളം ചെമ്മങ്കോട് റോഡ് പുനരുദ്ധരണം-പ്രൊജക്ട് നം 271/22, പൂക്കട്ട ചിത്തോടി റോഡ് കോൺക്രീറ്റ് -പ്രൊജക്ട് നം255/22, പൊറോട്ടി ക്രോസ് റോഡ് കോൺക്രീറ്റ് -പ്രൊജക്ട് നം331/22, പേരാൽ ഉപ്പാപ്പ മസ്ജിദ് റോഡ് കോൺക്രീറ്റ് -പ്രൊജക്ട് നം 401/22). ഫണ്ട് ലഭ്യത2.5 ലക്ഷം രൂപയാണെങ്കിൽ 63m നീളത്തിലും 3m വീതിയിലും റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പാക്കും (ഉദാഹരണം- ശാന്തിപ്പള്ള വളവിൽ റോഡ് കോൺക്രീറ്റ് -പ്രൊജക്ട് നം 281/22, കട്ടെ കോട്ടക്കാർ റോഡ് കോൺക്രീറ്റ് രണ്ടാം ഘട്ടം-പ്രൊജക്ട് നം 393/22,). ഫണ്ട് ലഭ്യത3ലക്ഷം രൂപയാണെങ്കിൽ 75m നീളത്തിലും 3m വീതിയിലും റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പാക്കും (ഉദാഹരണം- ഷേഡിക്കടവ് ക്രോസ് റോഡ് കോൺക്രീറ്റ് -പ്രൊജക്ട് നം 270/22, കോട്ട ലിങ്ക് റോഡ് കോൺക്രീറ്റ് -പ്രൊജക്ട് നം 245/22, ബദരിയനഗർ ബട്ടംപാടി റോഡ് കോൺക്രീറ്റ് രണ്ടാം ഘട്ടം-പ്രൊജക്ട് നം 261/22). ഫണ്ട് ലഭ്യത3.5ലക്ഷം രൂപയാണെങ്കിൽ 90m നീളത്തിലും 3m വീതിയിലും റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പാക്കും (ഉദാഹരണം- പി കെ നഗർ ചൂയിപ്പൻകുണ്ട് റോഡ് കോൺക്രീറ്റ് -പ്രൊജക്ട് നം 60/22, കോട്ടനടുപ്പള്ളം ലിങ്ക് റോഡ് കോൺക്രീറ്റ് -പ്രൊജക്ട് നം 69/22). ഫണ്ട് ലഭ്യത4ലക്ഷം രൂപയാണെങ്കിൽ 100m നീളത്തിലും 3m വീതിയിലും റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പാക്കും (ഉദാഹരണം- മക്കളിപ്പള്ള ശ്രീനഗര റോഡ് കോൺക്രീറ്റ് -പ്രൊജക്ട് നം 283/22, പെർവാർഡ് ഫിഷറീസ് കോളനി ക്രോസ് റോഡ് റോഡ് കോൺക്രീറ്റ് -പ്രൊജക്ട് നം 301/22). ഫണ്ട് ലഭ്യത4.5ലക്ഷം രൂപയാണെങ്കിൽ 116m നീളത്തിലും 3m വീതിയിലും റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പാക്കും (ഉദാഹരണം- കോട്ടേക്കാർ ദുമാവതി റോഡ് കോൺക്രീറ്റ് -പ്രൊജക്ട് നം 174/22, നിയർ ജി വി എച്ച് എസ് എസ് കെ കെ പുരം റോഡ് കോൺക്രീറ്റ് -പ്രൊജക്ട് നം 170/22).

